പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1349** **11.08.2017 ൽ മറുപടിയ്ക്ക്**

## ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഒ. രാജഗോപാൽ | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) അടുക്കള കൃഷി, ടെറസ്സ് കൃഷി, തരിശ് ഭൂമിയിലെ ജൈവ കൃഷി തുടങ്ങിയ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാംപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) അടുക്കള കൃഷി, ടെറസ്സ് കൃഷി, തരിശ് ഭൂമിയിലെ പച്ചക്കറി കൃഷി തുടങ്ങിയ സമഗ്ര പച്ചക്കറി വികസന പദ്ധതി - 2017-18-ൻ കീഴിൽ നടപ്പിലാക്കി വരുന്നു. അടുക്കള കൃഷിയ്ക്കായി സ്കൂൾ വിദ്യാർത്ഥികൾ വീട്ടമ്മമാർ എന്നിവർ മുഖേന വിവിധ ഇനം വിത്തുകൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകൾ നൽകുന്നു. കൂടാതെ 45.45 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് വിതരണം ചെയ്യുന്നു. ടെറസ്സ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി 25 ഗ്രോബാഗുകൾ വീതം അടങ്ങിയ 37000 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്യുന്നു. കൂടാതെ മുൻ വർഷങ്ങളിൽ നൽകിയ 75000 ഗ്രോബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യുന്നതിനായി വിത്ത്, തൈകൾ മറ്റ് ഉല്പാദന ഉപാധികൾ എന്നിവയും നൽകുന്നു. മാലിന്യ സംസ്കരണത്തിനായി 2600 ചെറുകിട മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുവാൻ ധനസഹായം നൽകുന്നു. ചെറുകിട തുള്ളിനന/തിരിനന യൂണിറ്റുകൾ സ്ഥാപിക്കുവാനും ധനസഹായം നൽകുന്നു. കൂടാതെ റസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ഹരിത ഗ്രൂപ്പുകൾ രൂപീകരിക്കുവാൻ ധനസഹായം നൽകുന്നു. ഇതു കൂടാതെ കർഷകർ, സ്വന്തമായി ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾ, കർഷക കൂട്ടായ്മകൾ, യൂത്ത് ക്ലബ്ബ്, മറ്റ് സ്ഥാപനങ്ങൾ |

എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നു. മുൻ വർഷങ്ങളിൽ കൃഷി ചെയ്യാതെ തരിശായിക്കിടന്ന ഭൂമി കൃഷിയോഗ്യമാക്കി മാറ്റി അതുവഴി കൂടുതൽ തരിശുഭൂമി കൃഷിയോഗ്യമാക്കുവാനും, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനും അത്തരത്തിൽ പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുക വഴി സംസ്ഥാനത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്താക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശം. തരിശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ഒരു ഹെക്ടറിന് ആകെ 30000 രൂപ ധനസഹായം നൽകുന്നു. ഇതിൽ 25000 രൂപ കർഷകനും 5000 രൂപ ഭൂവുടമയ്ക്കും നൽകുന്നു. പദ്ധതി സംബന്ധിച്ച പ്രവർത്തന നിർദ്ദേശങ്ങളും ഭൗതിക ലക്ഷ്യവും എല്ലാ ജില്ലകൾക്കും നൽകിക്കഴിഞ്ഞു. നടപ്പു വർഷം 1000 ഹെക്ടർ തരിശു നിലത്ത് പച്ചക്കറി കൃഷി ചെയ്യുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ അടുക്കള കൃഷി, ടെറസ്സ് കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് തിരുവനന്തപുരം, തൃശൂർ, എറണാകുളം, കോഴിക്കോട് ജില്ലകളിലെ നഗര പ്രദേശങ്ങളിൽ തിരിനന (വിളക്ക് ഇറിഗേഷൻ) ജലസേചന സംവിധാനം ഉപയോഗിച്ചുള്ള പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു. തിരിനന ജലസേചന സംവിധാനത്തോടു കൂടിയുള്ള 30 ഗ്രോബാഗുകൾ ഉൾകൊള്ളുന്ന 1664 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. നാളിതുവരെ 619 യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

ഓണക്കാലത്ത് ജൈവപച്ചക്കറി കൃഷി ജനകീയ സംരഭമായി മാറ്റുവാൻ ലക്ഷ്യമിട്ട് "ഓണത്തിന് ഒരു മുറം പച്ചക്കറി" എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതു പ്രകാരം നിലവിലുള്ള വികസന പദ്ധതിയിലുൾപ്പെടുത്തി 63 ലക്ഷം വീടുകൾക്കാവശ്യമായ പച്ചക്കറി വിത്തും തൈകളും ലഭ്യമാക്കുന്നു. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ വെണ്ട, ചീര, മുളക്, വഴുതന, പയർ, തുടങ്ങിയ

| | | |
|---|---|---|
| | | അഞ്ചിനം പച്ചക്കറികളുടെ 57 ലക്ഷം വിത്തു പായ്ക്കറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്. |
| ബി) | ഇതിനായി ബജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്? | ബി) അടുക്കള കൃഷി പ്രോത്സാഹനത്തിനായി വിത്തു പാക്കറ്റുകൾ വിതരണം ചെയ്യുന്നതിലേയ്ക്കായി 400 ലക്ഷം രൂപയും പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിലേയ്ക്കായി 100 ലക്ഷം രൂപയും പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു. മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നഗര പ്രദേശങ്ങളിൽ ഗ്രോബാഗ് വിതരണം ചെയ്യുന്നതിലേയ്ക്കായി 555 ലക്ഷം രൂപയും, മുൻ വർഷങ്ങളിലെ ഗ്രോബാഗ് യൂണിറ്റുകൾക്ക് ആവർത്തന ചിലവുകൾക്കായി 150 ലക്ഷം രൂപയും മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 75 ലക്ഷം രൂപയും, തുള്ളിനന/തിരി നന യൂണിറ്റുകൾക്കായി 45 ലക്ഷം രൂപയും ശീതഗ്രൂപ്പുകൾ രൂപീകരിക്കുന്നതിലേയ്ക്കായി 25 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു. മട്ടുപ്പാവ് കൃഷിയ്ക്കായി ആകെ 1850 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 1000 ഹെക്ടർ തരിശുനിലം കൃഷി യോഗ്യമാക്കി മാറ്റുന്നതിലേയ്ക്കായി 300 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.<br>തിരിനന ജലസേചന സംവിധാനം സജ്ജമാക്കുവാൻ 99.84 ലക്ഷം രൂപ (60% കേന്ദ്ര വിഹിതവും, 40% സംസ്ഥാന വിഹിതവും) MIDH പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിൻ കീഴിൽ 63 ലക്ഷം വീടുകൾക്കാവശ്യമായ പച്ചക്കറി വിത്തും തൈകളും ലഭ്യമാക്കുന്നതിനായി 570 ലക്ഷം രൂപ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

Mayal

**സെക്ഷൻ ഓഫീസർ**